വൺടൈം അസിസ്റ്റൻസ് നൽകുന്നതിന് സർക്കാർ നയപരമായ തീരുമാനമെടുത്തിട്ടുണ്ട്. പൊതുമേഖലാ വ്യവസായസ്ഥാപനങ്ങളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനായി വ്യവസായ-സാമൂഹ്യക്ഷേമ വകുപ്പുമന്ത്രി, ധന-എക്സൈസ് വകുപ്പുമന്ത്രി, കൃഷി-കയർ വകുപ്പുമന്ത്രി, ഊർജ്ജ വകുപ്പുമന്ത്രി, തൊഴിൽ വകുപ്പുമന്ത്രി എന്നിവരടങ്ങുന്ന ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്.

(ബി) ഇല്ല. ബാധകമല്ല.

വികലാംഗ ക്ഷേമത്തിനും വികസനത്തിനുമായി നടപ്പാക്കിയ പദ്ധതികൾ

60 [2197] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വികലാംഗക്ഷേമത്തിനും വികസനത്തിനുമായി ഏതെല്ലാം പദ്ധതികൾ ബഡ്ജറ്റിലൂടെ പ്രഖ്യാപിക്കുകയുണ്ടായി;

(ബി) അവയിൽ ഏതൊക്കെ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടെന്നും അവയുടെ വിശദാംശവും വ്യക്തമാക്കുമോ;

(സി) സർക്കാർ നിശ്ചയിച്ച കാലപരിധിക്കുള്ളിൽ സർവ്വീസിലുണ്ടായിരുന്ന മുഴുവൻ വികലാംഗരേയും ജോലി ചെയ്ത ദിവസം പരിഗണിക്കാതെ സർവ്വീസിൽ സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വികലാംഗർക്ക് ഇൻഷ്വറൻസ് പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. 2005-06-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ 40 പഞ്ചായത്തുകളിലെ 40 സ്പെഷ്യൽ സ്കൂളുകൾക്ക് 5 ലക്ഷം രൂപാ വീതം ഗ്രാന്റ് നൽകുന്ന ഒരു പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. ഓരോ ബ്ലോക്കിലും സ്പെഷ്യൽ സ്കൂളുകൾ തുറന്ന് അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ഈ സഹായം ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

(സി) കാലപരിധി കൂടാതെ സർവ്വീസിൽ ഉണ്ടായിരുന്ന മുഴുവൻ വികലാംഗരേയും ജോലി ചെയ്ത ദിവസം പരിഗണിക്കാതെ സർവ്വീസിൽ സ്ഥിരപ്പെടുത്തുന്നതിന് ഇപ്പോൾ നിർദ്ദേശങ്ങളൊന്നും നിലവിലില്ല.

നിർമ്മാണ തൊഴിലാളികളുടെ ക്ഷേമത്തിനായി പദ്ധതികൾ

61 [2198] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) നിർമ്മാണ തൊഴിലാളികളുടെ ക്ഷേമത്തിനായി ഏതൊക്കെ പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) ഈ തൊഴിലാളികൾക്ക് വേണ്ടി ഭവന നിർമ്മാണ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly